(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

7 (*34) എസ്.എസ്.എൽ.സി. പരീക്ഷയിലെ പരിഷ്ക്കാരങ്ങൾ

ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഇപ്പോൾ നൽകിവരുന്ന മോഡറേഷൻ സമ്പ്രദായം അവസാനിപ്പിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;

(സി) 1999 ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയശതമാനം ഉയർത്തുന്നതിന് സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനുമുമ്പായി ഫലം വ്യാപകമായി ചോർത്തുന്ന സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതവസാനിപ്പിക്കുവാൻ സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്) ഉത്തരക്കടലാസ് തിരിച്ച് നൽകുന്നതിന് നടപടി ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ജി) എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളിൽ മഹാഭൂരിപക്ഷവും മാതൃഭാഷയായ മലയാളത്തിലാണ് പരീക്ഷ എഴുതുന്നത് എന്ന വസ്തുത കണക്കിലെടുത്ത് എസ്.എസ്.എൽ.സി. യുടെ റാങ്കുകൾ മാതൃഭാഷയിൽ എഴുതുന്നവർക്കായി നിജപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) ഇംഗ്ലീഷിലും മറ്റു ഭാഷകളിലും എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നവർക്ക് പ്രത്യേകം റാങ്കുകൾ നിർണ്ണയിച്ചു നൽകുന്ന കാര്യം പരിഗണിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) എസ്.എസ്.എൽ.സി. പരീക്ഷാനടത്തിപ്പിൽ കാര്യമായ മാറ്റങ്ങളൊന്നും വരുത്തുവാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല. എന്നാൽ സെപ്റ്റംബർ പരീക്ഷ നിറുത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഈ സമ്പ്രദായം ഉടനെ അവസാനിപ്പിക്കുന്നത് പ്രായോഗികമല്ല.

(സി) ഹൈസ്കൂൾതലത്തിലെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ കീഴിലുള്ള അദ്ധ്യാപക പരിശീലനം വ്യാപകവും ഫലപ്രദവുമായി. മുൻവർഷ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിൽ വളരെ താഴ്ന്ന വിജയശതമാനം ഉണ്ടായിരുന്ന സ്കൂളുകളെ പ്രത്യേകമായി ശ്രദ്ധിക്കുകയും വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും ചെയ്തു. കണക്ക്, സയൻസ് എന്നീ പ്രയാസമുള്ള വിഷയങ്ങളിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുകയുണ്ടായി.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

(എഫ്)അപേക്ഷ സമർപ്പിക്കുന്നവർക്ക് ഉത്തരക്കടലാസ്സിന്റെ പകർപ്പ് നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. പരീക്ഷാ സമ്പ്രദായം കൂടുതൽ സുതാര്യമാക്കുവാനാണ് ഈ നടപടി.

(ജി) അങ്ങനെ നിജപ്പെടുത്തുന്നത് നീതി പൂർവ്വമായിരിക്കുകയില്ല.

(എച്ച്) തൽക്കാലം പരിഗണനയിലില്ല.

8 (*35) കേരളോത്സവം

<u>ശ്രീ. ബാബു ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി പിന്നോക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള കേരളോത്സവം വിപുലമായും കുറ്റമറ്റതായും നടത്തുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കേരളോത്സവത്തെ സംബന്ധിച്ച് യുവജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനായി പുതിയ പദ്ധതികൾക്ക് രൂപം നൽകുമോ;

(സി) കേരളോത്സവത്തിൽ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്ത സംഘടനകൾക്കും വ്യക്തികൾക്കും പ്രോത്സാഹനം നൽകുന്നതിനായി സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) ജില്ലാ, ബ്ലോക്ക് തലങ്ങളിൽ കേരളോത്സവ നടത്തിപ്പിലുണ്ടാകുന്ന അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>) :

(എ) മുൻ വർഷങ്ങളിൽ നടത്തപ്പെട്ട കേരളോത്സവത്തിൽനിന്നും വിഭിന്നമായി, ഓരോതലത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ, മുനിസിപ്പൽ ചെയർമാൻ, കോർപ്പറേഷൻ മേയർ, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരുമായി ചർച്ച ചെയ്ത് അതാത് തലങ്ങളിൽ മേളകൾ സമയബന്ധിതമായി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കേരളോത്സവത്തിന്റെ നടത്തിപ്പിന് ചുമതലയുള്ള സംഘാടക സമിതികൾ രൂപീകരിക്കാനും, അവ മേളയുടെ നടത്തിപ്പിന് മുമ്പേ രണ്ട് തവണ എങ്കിലും കൂടി പരിപാടികൾ തയ്യാറാക്കാനും തീരുമാനിച്ചിട്ടുണ്ട്.

കൂടാതെ സംസ്ഥാനതലത്തിൽ പങ്കെടുക്കുന്നവർക്ക് യാത്രാബത്ത നൽകുന്നതിനുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം, സംസ്ഥാന/ജില്ലാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്ന കലാ-കായിക രംഗങ്ങളിലെ വിജയികൾക്ക് സമ്മാനപണം (പ്രൈസ് മണി) കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly